**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി II

# (SUBJECT COMMITTEE II)

**ഭൂനികുതിയും ദേവസ്വവും**

**(LAND REVENUE AND DEVASWOM)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**

**(2013-14)**

**THIRD REPORT**
**ON THE SCRUTINY OF DEMANDS FOR GRANTS (2013-14)**

2013 ജൂൺ 10-ാം തീയതി സമർപ്പിച്ചത്

(Presented on 10th June 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II
# (SUBJECT COMMITTEE II)

ഭൂനികുതിയും ദേവസ്വവും
(LAND REVENUE AND DEVASWOM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2013-14)

THIRD REPORT
ON THE SCRUTINY OF DEMANDS FOR GRANTS
(2013-14)

714/2013.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

(2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. അടൂർ പ്രകാശ്,

റവന്യൂവും കയറും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. എസ്. ശിവകുമാർ,

ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്

,, ബാബു എം. പാലിശ്ശേരി

,, സി. കെ. നാണു

,, എ. പ്രദീപ്കുമാർ

,, പാലോട് രവി

,, സി. കെ. സദാശിവൻ

,, വി. പി. സജീന്ദ്രൻ

,, എൻ. ഷംസുദ്ദീൻ

,, വി. എസ്. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി

,, എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2013 ഏപ്രിൽ 16, 24 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു :

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | — | ഭൂനികുതി |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVII | — | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം |
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXVI | — | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXIX | — | കൃഷി |

മേൽ പ്രസ്താവിച്ച ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും, യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2013 മേയ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**അടൂർ പ്രകാശ്,**

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2013 മേയ് 15.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ VI—ഭൂനികുതി

വോട്ട് ചെയ്തത് : 408,22,63,000 രൂപ

ചാർജ് ചെയ്തത് : 1,41,000 രൂപ

2029-00-800-79 റവന്യൂ വകുപ്പിലെ ആസ്തികളുടെ പരിപാലനം-ആസ്തികളുടെ പരിപാലന നിധിയിൽ നിന്നുള്ള ചെലവഴിക്കൽ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

1. റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ നവീകരണത്തിനും കുടിവെള്ള വിതരണത്തിനുമായി 4,19,11,583 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 4.2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2029-00-800-76 ഭൂരഹിതരില്ലാത്ത കേരളം

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

2. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ആദ്യപടിയായി ഒരു ലക്ഷം പേർക്ക് 3 സെന്റ് വീതം ഭൂമി ഈ വർഷം ആഗസ്റ്റ് 15-നകം നൽകുന്നതിനായി 100 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2506-00-103-93-03 രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം (25% കേന്ദ്രവിഹിതം)

ബഡ്ജറ്റ് വിഹിതം : 2,60,00,000 രൂപ (പ്ലാൻ)

3. രജിസ്ട്രേഷൻ വകുപ്പുവഴി നൽകിവരുന്ന പഴയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടെ ഡാറ്റാ എൻട്രി, പഴയകാല ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ, കമ്പ്യൂട്ടറുകളുടെ നവീകരണം, പുതിയ കമ്പ്യൂട്ടറുകളുടെ വാങ്ങൽ എന്നീ ആവശ്യത്തിലേക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സർവ്വെയും ഭൂരേഖയും വകുപ്പ്

2029-00-102-95-21(1)
2029-00-102-99-21(1) } മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

4. സർവ്വെയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉളളവയാണ്. ആധുനിക ഉപകരണങ്ങൾ ഫീൽഡിൽ എത്തിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻ സർവ്വെ നടക്കുന്ന

മലമ്പ്രദേശങ്ങളിലും, നിരപ്പ് കുറഞ്ഞ പാതകളിലും ദീർഘദൂരം സഞ്ചരിക്കുന്നതിനാൽ വാഹനങ്ങൾക്ക് റിപ്പയർ ചെലവ് കൂടുതലാണ്. ആയതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി ഈ ശീർഷകങ്ങളിൽ 1,80,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സർവ്വെയർമാരെ നിയമിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 399,99,36,000 രൂപ |
| ചാർജ് ചെയ്തത് | : | 1,04,94,000 രൂപ |

2053-00-093-99-34 കളക്ടർമാരും മജിസ്ട്രേറ്റുമാരും മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 30,00,000 രൂപ (നോൺ പ്ലാൻ)

6. തിരുവനന്തപുരം ഗോൾഫ് കോഴ്സിലെ ജീവനക്കാരുടെ ശമ്പളം കോടതിവിധി പ്രകാരം ഈ ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടി വരുന്നതിനാൽ ഈ ആവശ്യത്തിലേക്കായി 30 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2053-00-093-98 സംസ്ഥാനത്തെ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷനുകളുടെ പുനഃസംഘടന

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

7. സംസ്ഥാനത്ത് പുതിയതായി പ്രഖ്യാപിച്ചിരിക്കുന്ന 12 താലൂക്കുകൾക്കായി 12 കോടി രൂപയും 30 വില്ലേജ് ഓഫീസുകൾക്കായി 15 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള നാല് താലൂക്കുകൾ കൂടാതെ രണ്ട് താലൂക്കുകൾ കൂടി ഉൾപ്പെടുത്താൻ തീരുമാനമായെങ്കിലും, ഒരു റവന്യൂ ഡിവിഷൻ മാത്രമേ ഉള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒരു റവന്യൂ ഡിവിഷൻ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-101-99 സംസ്ഥാന ധർമ്മ കാര്യം

ബഡ്ജറ്റ് വിഹിതം : 6,000 രൂപ (നോൺ പ്ലാൻ)

9. തിരുവനന്തപുരം എസ്.എം.വി. മോഡൽ ഹയർ സെക്കന്ററി സ്കൂൾ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് പ്രതിമാസവേതനം വർദ്ധിപ്പിച്ച് നൽകുന്നതിലേക്കായി 6,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. റവന്യൂ വകുപ്പിൽ തഹസിൽദാർമാർ ഉപയോഗിക്കുന്ന വാഹനങ്ങൾ മിക്കവയും വളരെ കാലപ്പഴക്കമുള്ളതും, റിപ്പയർ ചെയ്ത് ഉപയോഗിക്കുവാൻ കഴിയാത്തവയുമാണ്. ഇക്കാരണത്താൽ തഹസിൽദാർമാർക്ക് ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി 25 വാഹനങ്ങൾ വാങ്ങുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. വാഹന സൗകര്യം ഇല്ലാത്തതിനാൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. വില്ലേജ് ഓഫീസുകളിലെ പ്രവർത്തനം സുഗമമാക്കുന്നതിനായി സ്വന്തമായി വാഹനമില്ലാത്ത എല്ലാ വില്ലേജ് ഓഫീസർമാർക്കും സ്ത്രീ ജീവനക്കാർക്കുകൂടി ഉപയോഗിക്കത്തക്കവിധത്തിലുള്ള ഇരുചക്രവാഹനം അനുവദിക്കണമെന്നും, സ്വന്തമായി വാഹനങ്ങളുള്ള വില്ലേജ് ഓഫീസർമാർക്ക് ഇന്ധന ചെലവിനായുള്ള ആനുകൂല്യം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ ആവശ്യത്തിലേക്ക് 10 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

വോട്ട് ചെയ്തത് : 2929,59,77,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

3475-00-201-89 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

12. ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിത കർഷക തൊഴിലാളികൾക്ക് പതിച്ചു നൽകുന്നതുവരെ ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം പൊതുകാര്യത്തിനായി റിസർവ്വ് ചെയ്യപ്പെടുന്ന പ്രസ്തുത ഭൂമി സ്ഥായിയായി സംരക്ഷിക്കുന്നതിനുള്ള ചെലവ്, സർവ്വെ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-201-93 കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 18,00,000 രൂപ (നോൺ പ്ലാൻ).

13. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം സഹിക്കേണ്ടിവരുന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും, മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. സാമ്പത്തികമായി അവശത അനുഭവിക്കുന്ന മുൻ ജന്മിമാർക്ക് ഈ ശീർഷകത്തിൽ നിന്നും പ്രതിമാസം 1,500 രൂപ പെൻഷനായി നൽകിവരുന്നു.

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3475-00-201-90 ഭൂപരിഷ്കരണ റിവ്യൂ ബോർഡ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

14. സർക്കാരിന്റെ 21-1-2009-ലെ ജി. ഒ. (എംഎസ്.) 106/09-ാം നമ്പർ ഉത്തരവ് പ്രകാരം ലാന്റ് റിഫോംസ് റിവ്യൂ ബോർഡ് അനൗദ്യോഗിക അംഗങ്ങൾക്ക് ഫസ്റ്റ് ക്ലാസ് ഓഫീസർമാർക്ക് ലഭിക്കുന്ന അതേ നിരക്കിൽ റ്റി.എ./ഡി.എ. നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5475-00-800-90 സർക്കാർ ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കൽ

ബഡ്ജറ്റ് വിഹിതം : 400 കോടി രൂപ (നോൺ പ്ലാൻ)

15. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി ഏറ്റെടുക്കുന്ന എല്ലാ ലാന്റ് അക്വിസിഷനുകളുടെയും ചെലവ് ഈ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് നൽകേണ്ടത്. തിരുവനന്തപുരം സിറ്റിയിലെ 3 റോഡുകളുടെ വികസനം, കരമന-കളിയിക്കാവിള റോഡ് വികസനം എന്നിവയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ഈ സാമ്പത്തിക വർഷം വൻതുക ആവശ്യമുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1000 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 399,99,36,000 രൂപ |
| ചാർജ് ചെയ്തത് | : | 1,04,94,000 രൂപ |

2250-00-800-99 ക്ഷേത്രങ്ങളോടുചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

16. കേരളത്തിൽ മിക്ക ക്ഷേത്രങ്ങളോടനുബന്ധിച്ചും കാവുകളും കുളങ്ങളും ആൽത്തറകളുമുണ്ട്. ജൈവശാസ്ത്രപരമായ ആവാസ വ്യവസ്ഥ നിലനിറുത്തുന്നതിനും വരൾച്ച പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലും ഇവ സംരക്ഷിക്കപ്പെടേണ്ടതാണ്. ആയതിനാൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-103-82 വൈക്കം ക്ഷേത്ര കലാപീഠം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

17. വൈക്കം ക്ഷേത്ര കലാപീഠത്തിനായി ഫണ്ട് അനുവദിക്കുന്നതിലേക്കായുളള ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിരിക്കുന്നുളളു. ആയതിനാൽ ഈ ശീർഷകത്തിൽ വൈക്കം ക്ഷേത്ര കലാപീഠത്തിനായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## മലബാർ ദേവസ്വം ബോർഡ്

2250-00-103-87-31 സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 18,95,00,000 രൂപ

2250-00-103-87-36 സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 6,80,00,000 രൂപ

**ബോർഡ് ഓഫീസുകൾക്കുളള കെട്ടിട നിർമ്മാണം**

18. മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷണൽ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിന് 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ജീർണ്ണോദ്ധാരണ ഗ്രാന്റ്**

19. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുളളതും അടിയന്തര ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായ എല്ലാ പൊതു ക്ഷേത്രങ്ങൾക്കും ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും വീതം അനുവദിച്ചു നൽകാൻ കഴിയുന്ന തരത്തിൽ ആകെ ഈയിനത്തിൽ 16 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുളള ക്ഷേത്രങ്ങൾക്കുളള പ്രത്യേക ധനസഹായം**

20. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുളളതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം നടത്തിപ്പുകാരായതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം രൂപയെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഈയിനത്തിൽ ആകെ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ക്ഷേത്ര ജീവനക്കാരുടെ ശമ്പളം**

21. മലബാർ ദേവസ്വം ബോർഡിന് കീഴിലുളളതും സർക്കാർ അംഗീകരിച്ച നിരക്കിൽ ശമ്പളം നൽകാൻ സാമ്പത്തികശേഷിയില്ലാത്തതുമായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ശമ്പള കുടിശ്ശിക നൽകുന്നതിനും ആവശ്യമായ 30 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-102-99-01 ശമ്പളം

ബഡ്ജറ്റ് വിഹതം : 1,000 രൂപ (നോൺ പ്ലാൻ)

22. നിർത്തലാക്കിയ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിൽ അനുവദിക്കപ്പെട്ടിരുന്നതും പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ടതുമായ നിലവിലുള്ള ജീവനക്കാർക്ക് സർക്കാർ ജീവനക്കാർ എന്ന നിലയിലുള്ള എല്ലാ പരിരക്ഷയും നൽകേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കോടതി സംബന്ധമായ ചെലവുകൾ**

23. മലബാർ ദേവസ്വം ബോർഡിന്റെ ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഒരു സ്റ്റാൻഡിംഗ് കൗൺസിലിനെയും ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാൻഡിംഗ് കൗൺസിലർമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ മറ്റ് സബ്കോടതികളിൽ സ്റ്റാൻഡിംഗ് കൗൺസിലർമാരെ നിയോഗിക്കേണ്ടത് അത്യാവശ്യമാണ്. ആയതിലേക്കുള്ള ചെലവിനത്തിൽ 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ലാന്റ് കൺസർവൻസി യൂണിറ്റ്**

24. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ച് പിടിക്കുന്നതിന് ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് വേണ്ടി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്**

25. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അഞ്ച് ഡിവിഷണൽ ഓഫീസുകളിലും ഔദ്യോഗിക ആവശ്യത്തിനായി ഓരോ വാഹനം വാങ്ങുന്നതിന് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടറൈസേഷൻ**

26. മലബാർ ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളുടെ വാടക, വൈദ്യുത ചാർജ്, വെള്ളക്കരം, പോസ്റ്റേജ്, ടെലഫോൺ, പ്രിന്റിംഗ്, സ്റ്റേഷനറി, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കായി 3.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു. കൂടാതെ ബോർഡിലെ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ക്ഷേത്രഭൂമി സംരക്ഷണം**

27. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ 24000-ൽ പരം ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോയതായി കണ്ടെത്തിയിട്ടുണ്ട്. ക്ഷേത്രഭൂമി അന്യാധീനപ്പെടാതെ സംരക്ഷിച്ചു നിർത്തുന്നതിനാവശ്യമായ നടപടികൾക്കായി 2.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2250-00-103-86-34 ആചാര്യ സ്ഥാനീകർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

28. ആചാര സ്ഥാനീയർ, കോലധാരികൾ എന്നിവർക്ക് ധനസഹായം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ബോർഡ് മെമ്പർമാരുടെ ടി.എ.**

29. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1350 ഓളം ക്ഷേത്രങ്ങളിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിനും മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും ധാരാളം യാത്രകൾ നടത്തേണ്ടി വരുന്നതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ക്ഷേത്രക്കുളങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം**

30. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രക്കുളങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക, ജലാശയങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾക്കായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ക്ഷേത്ര കലാ ഇൻസ്റ്റിറ്റ്യൂട്ട്**

31. അന്യം നിന്നുപോകുന്ന ക്ഷേത്രാചാരങ്ങളും, ക്ഷേത്ര കലകളും പരിപോഷിപ്പിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനുകീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII —വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 12308,42,50,000 രൂപ |
| ചാർജ് ചെയ്തത് | : | 10,00,000 രൂപ |

3435-04-103-98—ശബരിമലയിലെ ഖരമാലിന്യ സംസ്കരണം

ബഡ്ജറ്റ് വിഹിതം : ഇല്ല

32. ശബരിമലയെ മാലിന്യമുക്തമാക്കുന്നതിനായി 'മാലിന്യമുക്ത ശബരിമല' എന്ന പദ്ധതി നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ശബരിമല സീറോ വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ സംസ്കരണത്തിനും മറ്റുമായി ഈ പദ്ധതിയുടെ കീഴിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജല വിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1133,40,98,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

2215-02-105-95-36 ഗ്രാമീണ ശുചീകരണ സർവ്വീസുകൾ ശബരിമല ശുചീകരണ പദ്ധതികൾക്കുള്ള സഹായം-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 87,12,000 രൂപ (നോൺ പ്ലാൻ)

33. പ്രതിവർഷം കോടിക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയിൽ ദൈനംദിനം അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ ട്രാക്ടറുകളും ശുചീകരണത്തിനാവശ്യമായ സാധനങ്ങളും ലഭ്യമാക്കുന്നതിനും ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 1.2 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ കുടിശ്ശിക ആയിട്ടുള്ള 40 ലക്ഷം രൂപയും കൂടി ചേർത്ത് ഈ ശീർഷകത്തിൽ 1.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ട് ചെയ്തത് : 2195,73,65,000 രൂപ

ചാർജ് ചെയ്തത് : 15,01,000 രൂപ

2551-60-101-98 ശബരിമല മാസ്റ്റർ പ്ലാൻ (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

34. ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി തയ്യാറാക്കിയിട്ടുള്ള ബൃഹത്തായ പദ്ധതിയാണ് ശബരിമല മാസ്റ്റർ പ്ലാൻ. പ്രതിവർഷം ശബരിമല സന്നിധാനത്ത് എത്തുന്ന 3 കോടിയിൽപ്പരം അയ്യപ്പഭക്തർക്ക് കാലവിളംബം കൂടാതെ ദർശനം നടത്തുന്നതിനും അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള ഈ പദ്ധതിയിൽ സ്വാമി അയ്യപ്പൻ റോഡിന്റെ വികസനം, പുതിയ പ്രസാദം കോംപ്ലക്സ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നടപ്പന്തലിന്റെ മുകൾ നില, റോപ് വേ, പുതിയ ക്യൂ കോംപ്ലക്സുകൾ, റസ്റ്റിംഗ് പന്തലുകൾ, നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിന്റെ വികസനം തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയുടെ നടത്തിപ്പിനായി 25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2013 മേയ് 15.